**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 601** **13-10-2026-ൽ മറുപടിയ്ക്ക്**

**<u>നെറ്റ് മീറ്ററുകളുടെ ലഭ്യത</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. പ്രേംകുമാർ

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

**(എ)** പാലക്കാട് ജില്ലയിൽ സൗരോർജ വൈദ്യുതി പദ്ധതി നടപ്പിലാക്കിയിട്ടുള്ള ഉപഭോക്താക്കളുടെ എണ്ണം പഞ്ചായത്ത്/മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ തിരിച്ച് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പാലക്കാട് ജില്ലയിൽ 17813 ഉപഭോക്താക്കൾ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

പ്രസ്തുത ഉപഭോക്താക്കളുടെ ജില്ലാടിസ്ഥാനത്തിലുള്ള വിവരം മാത്രമേ പോർട്ടലിൽ ലഭ്യമാകുന്നുള്ളൂ. പഞ്ചായത്ത്/മുൻസിപ്പാലിറ്റി അടിസ്ഥാനത്തിലുള്ള വിവരങ്ങൾ കെ.എസ്.ഇ.ബി.എൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

**(ബി)** സോളാർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി. നൽകേണ്ടതായിട്ടുള്ള നെറ്റ് മീറ്ററുകളുടെ ലഭ്യതക്കുറവ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവ വേഗത്തിൽ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

**<u>മറുപടി:</u>** ഉണ്ട്.

പുരപ്പുറസോളാർ നിലയങ്ങൾക്കുള്ള നെറ്റ് മീറ്ററിന്റെ ദൗർലഭ്യം പരിഹരിച്ചുവരുന്നു. ഇതിലേക്കായി 82000 സിംഗിൾ ഫേസ് നെറ്റ് മീറ്ററുകൾക്കും, 21000 ത്രീ ഫേസ് നെറ്റ് മീറ്ററുകൾക്കും ഓർഡർ നൽകിയിട്ടുണ്ട്. ആയതിൽ 28700 സിംഗിൾ ഫേസ് നെറ്റ് മീറ്ററുകൾ വിതരണത്തിനായി കെ.എസ്.ഇ.ബി.എൽ-ന്റെ വിവിധ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിൽ എത്തിച്ചിട്ടുണ്ട്. തുടർന്നുള്ള 28700 എണ്ണം സിംഗിൾ ഫേസ് നെറ്റ് മീറ്ററുകൾ വിതരണത്തിനായി തയ്യാറായികൊണ്ടിരിക്കുന്നു. ബാക്കിയുള്ള 24600 മീറ്ററുകൾ നവംബർ മാസത്തോടുകൂടി എത്തിച്ചേരുമെന്നും പ്രതീക്ഷിക്കുന്നു. അതുപോലെതന്നെ ആദ്യഘട്ടമായി 6300 ത്രീ ഫേസ് നെറ്റ് മീറ്ററുകളും ഒക്ടോബർ മാസം അവസാനത്തോടുകൂടി വിതരണത്തിനായി എത്തിക്കുന്നതിനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ബാക്കി 14700 ത്രീ ഫേസ് മീറ്ററുകൾ ഘട്ടംഘട്ടമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**